# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ / കെ.എൻ.ആർ.സി.14/419/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/05/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1,1-5,1-11,1-12,1-13,1-14,1-19,1-20,1-26 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ / കെ.എൻ.ആർ.സി.14/419/21 തീയ്യതി: 12/05/2021

## കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-12-2019 മുതൽ 08-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശികുമാർ എം.പി. | ഡെപ്യൂട്ടി ഡയറക്ടർ, ഹ.ഗ്രേ. | 08-03-2021 | 20-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-03-2021 | 20-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ.ഷൈജു മാത്യു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ആൽബർട്ട് ജോസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.ബിസ്മി എസ് നായർ,ഓഡിറ്റർ (10-03-2021 മുതൽ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി കെ.ശ്രീജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ കെ.നാരായണൻ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ.വി.രാമചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 17-07-2019 |
| ശ്രീ അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 18-07-2019 | 15-09-2019 |
| ശ്രീ വി രാമചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-09-2019 | 25-10-2019 |
| ശ്രീ അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 26-10-2019 | 02-02-2020 |
| ശ്രീ വി.രാമചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2020 | 23-02-2020 |
| ശ്രീ അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 24-02-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.നാരായണൻ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ.വി രാമചന്ദ്രൻ | സെക്രട്ടറി-ഇൻ ചാർജ് | 01-06-2019 | 17-07-2019 |
| ശ്രീ അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 18-07-2019 | 15-09-2019 |
| ശ്രീ വി രാമചന്ദ്രൻ | സെക്രട്ടറി -ഇൻചാർജ് | 16-09-2019 | 25-10-2019 |
| ശ്രീ അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 26-10-2019 | 02-02-2020 |
| ശ്രീ വി രാമചന്ദ്രൻ | സെക്രട്ടറി-ഇൻ ചാർജ് | 03-02-2020 | 23-02-2020 |
| ശ്രീ അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 24-02-2020 | 31-03-2020 |
| ശ്രീ മോഹൻദാസ് ഒ.ജി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 14-07-2019 |
| ശ്രീ ജ്യോതിസ് ബാബു.കെ.ആർ | അസിസ്റ്റന്റ് എൻജിനീയർ | 15-07-2019 | 05-09-2019 |
| ശ്രീമതി ദീപ.എസ് | അസിസ്റ്റന്റ് എൻജിനീയർ | 06-09-2019 | 31-03-2020 |
| ശ്രീമതി അശ്വതി കെ ശശിധരൻ | കൃഷി ഓഫീസർ | 01-04-2019 | 24-01-2020 |
| ശ്രീ ടി വി ശ്രീകുമാർ | കൃഷി ഓഫീസർ | 25-01-2020 | 31-03-2020 |
| ശ്രീ അബ്ദുള്ള.സി | വി ഇ ഒ,പടിയൂർ സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീ ജെയിംസ് .കെ.സി | വി ഇ ഒ,കല്ല്യാട് സർക്കിൾ | 01-04-2019 | 27-08-2019 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുള്ള.സി | വി ഇ ഒ,കല്ല്യാട് സർക്കിൾ | 28-08-2019 | 02-09-2019 |
| ശ്രീ മുജീബ്,വി വി | വി ഇ ഒ,കല്ല്യാട് സർക്കിൾ | 03-09-2019 | 25-10-2019 |
| ശ്രീ അബ്ദുള്ള.സി | വി ഇ ഒ ,കല്ല്യാട് സർക്കിൾ | 26-10-2019 | 08-11-2019 |
| ശ്രീ തസ്ലീം.ടി.പി | വി ഇ ഒ,കല്ല്യാട് സർക്കിൾ | 09-11-2019 | 31-03-2020 |
| ശ്രീമതി അനിത.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 18-12-2019 |
| ശ്രീമതി ദീപ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 19-12-2019 | 31-03-2020 |
| ഡോ:അജിത് കുമാർ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ:അമ്പിളി.സി | മെഡിക്കൽ ഓഫീസർ,ജി എ ഡി | 01-04-2019 | 31-03-2020 |
| ഡോ:നവാസ് ഷെരീഫ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 05-12-2019 |
| ഡോ:ഷിഹാബ്.ഇ.ജെ | വെറ്ററിനറി സർജ്ജൻ | 06-12-2019 | 12-02-2020 |
| ഡോ:നിത്യാ ചാക്കോ | വെറ്ററിനറി സർജ്ജൻ | 13-02-2020 | 31-03-2020 |
| ശ്രീ വി രാമചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 08-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ പൂർണ്ണമല്ല<br>Written By: Suresh Babu KV (Audit Officer, On 08-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 08-03-2021) | 1-1-1 |
| 3 | ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥവരവ് ചെലവുകളും തമ്മിലെ അന്തരം<br>Written By: Suresh Babu KV (Audit Officer, On 08-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-1-2 |
| 4 | അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 08-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-1-3 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 08-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 08-03-2021) | 1-1-4 |
| 6 | വാർഷികധനകാര്യപത്രിക<br>Written By: Albert Jose (Senior Grade Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-2 |
| 7 | സാമ്പത്തികവിശകലനം<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-03-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Albert Jose (Senior Grade Auditor, On 20-03-2021)<br>Last Updated By: Albert Jose (Senior Grade Auditor, On 29-04-2021) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-5 |
| 10 | ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ച<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-5-1 |
| 11 | സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-5-2 |
| 12 | വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-5-3 |
| 13 | വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതക്കുറവ്-വികസനഫണ്ട് ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 1.45 കോടി രൂപ നഷ്ടപ്പെട്ടു.<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-5-4 |
| 14 | തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങിയതിലെ നടപടിക്രമങ്ങളിലെ അപാകങ്ങൾ<br>Written By: Shyju Mathew (Asst. Audit Officer, On 20-03-2021) | 1-6 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | |
| 15 | സാമൂഹ്യസുരക്ഷാ പദ്ധതികൾ<br>Written By: Albert Jose (Senior Grade Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-7 |
| 16 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 09-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 09-03-2021) | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-10 |
| 19 | ഗ്രാമസഭ<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-11 |
| 20 | ഗ്രാമസഭമിനട്സ് രേഖപ്പെടുത്തിലുകളിലെ വീഴ്ചകൾ<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-11-1 |
| 21 | ഊരുകൂട്ടം യോഗങ്ങളിലെ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച.<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-11-2 |
| 22 | റോഡ് പുന:സ്ഥാപിക്കൽ ചാർജ് ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Bismi S Nair (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1- 12 |
| 23 | റോഡ് കട്ടിംഗ് പുനസ്ഥാപിക്കൽ ചാർജ് കണക്കാക്കിയതിലെ പിഴവ്- 3,44,423 രൂപയുടെ നഷ്ടം<br>Written By: Bismi S Nair (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-12-1 |
| 24 | റോഡ് പുനസ്ഥാപിക്കൽ ചാർജ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത- 91291/- രൂപയുടെ വരവ് നഷ്ടം<br>Written By: Bismi S Nair (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-12-2 |
| 25 | സർക്കാർ നിർദ്ദേശപ്രകാരം സേവനങ്ങൾക്കുള്ള ഫീസുകൾ,ചാർജുകൾ എന്നിവയിൽ വർദ്ധനവ് വരുത്തിയില്ല.63,525/- രൂപയുടെ വരുമാനനഷ്ടം<br>Written By: Bismi S Nair (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-13 |
| 26 | വസ്തുനികുതി -ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായുള്ള ഫീൽഡ് തല പരിശോധന നടത്താതെ സഞ്ചയ വിവരവ്യൂഹം കുറ്റമറ്റതാണെന്ന സാക്ഷ്യപത്രം നൽകിയത് ക്രമപ്രകാരമല്ല.<br>Written By: Bismi S Nair (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-14 |
| 27 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-15 |
| 28 | തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-15-1 |
| 29 | ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-15-2 |
| 30 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപാകങ്ങൾ | 1-16 |

| | | |
|---|---|---|
| | Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | |
| 31 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-16-1 |
| 32 | വ്യത്യസ്ത നിരക്കുകളിൽ ഫീ ഈടാക്കുന്നു.<br>Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-16-2 |
| 33 | ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നു<br>Written By: Bismi S Nair (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-17 |
| 34 | ഇ ടെണ്ടർ- ടെണ്ടർ ഫീസ് 2,33,950 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-18 |
| 35 | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിലെ കാലതാമസം പദ്ധതിവിഹിതം ലാപ്സാകുന്നതിന് കാരണമായി.<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-19 |
| 36 | കിയോസ്കുകളിലേക്ക് കുടിവെള്ള വിതരണം-ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് പ്രകാരമുള്ള റണ്ണിംഗ് കിലോമീറ്ററിൽ അധികരിച്ച് കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. 1,21,467/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-20 |
| 37 | വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് നൽകിയത്-വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 1-21 |
| 38 | ടെൻഡർ പ്രകാരമുള്ള സാധനംവിതരണം ചെയ്തില്ല:ഇ.എം.ഡി തുക മുതൽക്കൂട്ടേണ്ടതാണ്.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 1-22 |
| 39 | എസ്.എസ്.എ പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭാഗമാവുന്നില്ല.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-23 |
| 40 | തെരുവ് വിളക്ക് പരിപാലനം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-24 |
| 41 | പത്രപരസ്യത്തിന് അധിക നിരക്ക് നൽകുന്നു.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-25 |
| 42 | ചടച്ചിക്കണ്ടം കോളനിയിൽ ഹാബിറ്റാറ്റ് മുഖേന നടപ്പിലാക്കുന്ന ഒരു കോടി പദ്ധതി(അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി) പാതിവഴിയിൽ.ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-26 |
| 43 | കാൻസർ നിയന്ത്രണം പദ്ധതി ലക്ഷ്യം കണ്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 1-27 |

| | | |
|---|---|---|
| 44 | കാർഷീക മേഖലയിലെ പ്രോജക്ടുകൾ :പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾ പരിഗണിക്കപ്പെട്ടിട്ടില്ല.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 1-28 |
| 45 | വയോജനങ്ങൾക്ക് കട്ടിൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-29 |
| 46 | വികലാംഗർക്ക് പെട്ടിക്കട-അധിക നിരക്കിൽ സബ്സിഡി നൽകി<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 1-30 |
| 47 | യോഗപരിശീലനം രേഖകൾ ലഭ്യമാക്കിയില്ല-50000രൂപ തടസ്സത്തിൽവെക്കുന്നു.<br>Written By: Shyju Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 19-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 19-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 19-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 19-03-2021) | 4-11 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 16-04-2021) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വരവ്-ചെലവ് പത്രിക |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 12-02-2019 തീയതിയിലെ 08/2019 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 വാർഷിക കരട് ബജറ്റ് നിർദ്ദേശങ്ങൾ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16-02-2019 തീയതിയിലെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും അംഗങ്ങളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി 26-02-2019 തീയതിയിൽ ചേർന്ന അടിയന്തിരയോഗത്തിൽ അംഗീകരിച്ചു (തീരുമാനം നമ്പർ-1/1). ബജറ്റ് തയ്യാറാക്കുന്നതിന് മുൻപായി തന്നെ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിനാൽ വാർഷിക പദ്ധതികളും ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 20-02-2020 തീയതിയിലെ 13/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 വർഷത്തെ റിവൈസ്ഡ് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതിയുടെ 25-02-2020 തീയതിയിലെ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട് (തീരുമാനം നമ്പർ-3/1). പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിലുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി താഴെപ്പറയുന്ന പ്രധാന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1.ബജറ്റ് കുറിപ്പുകൾ

2.പെർഫോമൻസ് ബജറ്റ്

3.ജെൻഡർ ബജറ്റ്

### 1-1-2 ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥവരവ് ചെലവുകളും തമ്മിലെ അന്തരം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷികകണക്കുകൾ പ്രകാരമുള്ള യഥാർത്ഥവരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് (ഇൻകം & എക്സ്പെന്റിച്ചർ പത്രികയുടെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| മുന്നിരിപ്പ് | 23,94,500 | 23,94,500 | |
| വരവ് | 14,50,29,000 | 15,17,29,000 | 12,07,21,587 |
| ആകെ | 14,74,23,500 | 15,41,23,500 | |
| ചെലവ് | 14,57,59,000 | 15,14,34,000 | 11,73,10,011 |
| നീക്കിയിരിപ്പ് | 16,64,500 | 26,89,500 | |

### 1-1-3 അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. പടിയൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദശം പിന്നീട് ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. 2019-2020 സാമ്പത്തികവർഷത്തിൽ വിവിധ നികുതിയേതരവരുമാനങ്ങളായ ഫീസ് & യൂസർ ചാർജിനങ്ങളിലായി (പെനാൽട്ടീസ് & ഫൈൻ ഒഴികെ) 12,70,506 രൂപ ലഭ്യമായിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള 5% വർദ്ധനവ് നടപ്പാക്കാത്തതിനാൽ 63,525/- രൂപയുടെ വരുമാനഷ്ടം (12,70,506 രൂപയുടെ 5%) ഗ്രാമപഞ്ചായത്തിനുണ്ടായി.തനത് വരുമാനം വളരെ കുറവായ പടിയൂർ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനവർദ്ധനവിനുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും തനത് വരുമാന വർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ എല്ലാ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് സംബന്ധിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള എല്ലാ രേഖകളും ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.100% നികുതികളും പിരിച്ചെടുക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന് തനത് വരുമാനം വളരെ കുറവാണ്.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

4.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15-05-2020 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 സാമ്പത്തികവർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 09-06-2020 | തിരിച്ചയച്ചിട്ടില്ല |

വാർഷികധനകാര്യപത്രികയിലെ അപാകങ്ങൾ

1 പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 61 ഇ പ്രകാരമുള്ള അക്കൌണ്ടിൻമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2 വസ്തുനികുതി ഡിമാന്റ് , കലക്ഷൻ , ബാലൻസ് എന്നിവ സഞ്ചയയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- ഇലക്ട്രോണിക് ഉപകരണങ്ങൾ

4ആസ്തികളുടെ തേയ്മാനം സംബന്ധിച്ച രേഖകളില്ല.-ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതായും കാണുന്നില്ല. ഇത്തരത്തിൽ ആധികാരികമായ രേഖകളുടെ അഭാവത്തിൽ ആസ്തിമൂല്യത്തിൽ കുറവ് വരുത്തുന്നത് വാർഷിക കണക്കുകളുടെ കൃത്യതയെ ബാധിക്കാൻ സാധ്യതയുണ്ട്

5ജേണൽ എൻട്രികൾക്ക് വൗച്ചർ തയ്യാറാക്കുന്നില്ല.-വരവിനങ്ങളിലെ ഡിമാന്റ് തുകയിലെ വ്യതിയാനങ്ങൾ വാർഷികമായി മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്. ഡിമാന്റിലെ വ്യതിയാനങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള Journal Entry രേഖപ്പെടുത്തുമ്പോൾ അനുബന്ധമായി ഒരു വൗച്ചറോ ഫയലോ ഉത്ഭവിക്കുന്നില്ല. ഇത് മൂലം ജേണൽ എൻട്രിയുടെ അനിവാര്യത, കൃത്യത എന്നിവ പരിശോധിക്കുന്നതിന് സാധ്യമാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാതെയാണ് ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ വരുത്തുന്നത് എന്നതും ഗൗരവകരമാണ് .

6അനുബന്ധ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ , മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ എന്നിവയും ഉൾകൊള്ളിച്ചിട്ടില്ല, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

പലവക ഡിമാൻഡ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. സഞ്ചയയിൽ നിന്നും ലഭ്യമായ കണക്കുകൾ മാത്രമാണ് പല വരവുകളുടെയും അടിസ്ഥാനം

## 1-3 സാമ്പത്തികവിശകലനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | : 1,19,45,004 |
| ഓഡിറ്റ് വർഷത്തെ വരവ് | : 5,09,04,139 |
| ആകെ | : 6,28,49,143 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : 4,49,93,227 |
| നീക്കിയിരിപ്പ് | : 1,78,55,916 |
| വരവിനങ്ങളിലുള്ള നഷ്ടം | : 4,35,714 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 905099 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13152000 | 13152000 | 11210999 | 1941001 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1381000 | 1381000 | 1023053 | 357947 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2219000 | 2219000 | 1548925 | 670075 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7991000 | 7991000 | 895051 | 7095949 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3820000 | 3820000 | 2765912 | 1054088 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10051000 | 10051000 | 6597625 | 3453375 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 6010 | 29451749 | 29457759 | 28838381 | 619378 |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 1335724 | 738934 | 2074658 | 700000 | 1374658 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 2238225 | 456000 | 2694225 | 456000 | 2238225 |
| പശ്ചിമഘട്ട വികസന പദ്ധതി | 1003040 | 39416 | 1042456 | 0 | 1042456 |
| സാക്ഷരത | 3800 | 153 | 3953 | 0 | 3953 |
| എം.പി ഫണ്ട് | 11401 | 393 | 11794 | 0 | 11794 |
| ആകെ | 4598200 | 69300645 | 73898845 | 54035946 | 19862899 |

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം.തയ്യാറാക്കിയ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി, വികസന ഫണ്ട്-ടി.എസ്.പി , മെയിന്റനൻസ്, റോഡ് , മെയിന്റനൻസ്, നോൺ-റോഡ് എന്നിവയിൽ തുക നീക്കിയിരിപ്പ് ഇല്ല
- ഫണ്ട് വിനിയോഗ പത്രിക പ്രകാരം ഉല്പാദന മേഖലയിൽ വികസന ഫണ്ട് ജനറൽ അടങ്കൽ ചെയ്തിരിക്കുന്നത് 5143500രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഇത് 3353500 മാത്രമാണ്.
- ഫണ്ട് വിനിയോഗ പത്രിക പ്രകാരം ഉള്ള വരവ് വാർഷിക ധനകാര്യ പത്രിക സുലേഖ ചെലവ് പത്രിക എന്നിവയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു
- ഇത്തരത്തിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി,ടി.എസ്.പി എന്നീ ഫണ്ടുകളുടെയും അടങ്കൽ തുക ചേർത്തിരിക്കുന്നതിൽ സുലേഖ ചെലവ് പത്രികയുമായി വലിയ അന്തരം കാണുന്നു.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (ICDS) മുന്നിരിപ്പ് ,വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
- കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
- ഫണ്ട് വിനിയോഗ പത്രിക പ്രകാരം വരവായി രേഖപ്പെടുത്തിയിരിക്കുന്നത് അലോട്ട്മെന്റ് പ്രകാരമുള്ള തുകയാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിച്ച തുകയല്ല വരവായി കാണിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2019-20 | 151 | 64197055 | 31254105 | 99 | 50 | 2 | 65.5% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 3163000 | 3162475 | 99.98 |
| വെറ്റിനറി സർജ്ജൻ | 7 | 7 | 4194500 | 1365500 | 32.55 |
| വി ഇ ഒ പടിയൂർ സർക്കിൾ | 7 | 5 | 1470867 | 800591 | 54.4 |
| വി ഇ ഒ കല്ല്യാട് സർക്കിൾ | 8 | 6 | 13777947 | 6746018 | 48.96 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 6 | 6 | 909950 | 900682 | 98.98 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 4 | 4 | 1270000 | 1270000 | 100 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 10 | 4922000 | 3475027 | 70.6 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 889250 | 439766 | 49.45 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 18 | 22571693 | 6196559 | 27.45 |
| സെക്രട്ടറി | 34 | 29 | 11027848 | 6897487 | 62.54 |
| ആകെ | 151 | 99 | 6,41,97,055 | 3,12,54,105 | 48.68 |

## 1-5-1 ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ച

സർക്കാരിന്റെ 09-01-2017 തീയതിയിലെ ജി.ഒ (എം.എസ് ) നം.10/2017 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ആസൂത്രണസമിതി അംഗങ്ങൾ തന്നെയാണ് 2019-2020 സാമ്പത്തികവർഷത്തിലും തുടർന്നുവന്നിരുന്നത്.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധിക വിഭവസമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 2019 - 20 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് അഞ്ച് തവണ ആസൂത്രണസമിതി യോഗം ചേർന്നിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 02/10/18 | ജനപ്രതിനിധികൾ,വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ,ആസൂത്രണസമിതി അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം |

| | |
|---|---|
| 09-11-2018 | സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം |
| 13-11-2018 | 2019 – 20 കരട് പദ്ധതി അന്തിമരൂപമമാക്കൽ |
| 15-05-2019 | 2019 – 20 വാർഷികപദ്ധതി ഭേദഗതി നിർദ്ദേശങ്ങൾ |

എന്നാൽ മേൽസൂചിപ്പിച്ച പ്രകാരമുള്ള സുപ്രധാന ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആസൂത്രണസമിതിക്ക് സാധിച്ചിട്ടില്ലെന്ന് പദ്ധതി അവലോകനം ചെയ്തതിൽ വ്യക്തമാകുന്നു.

## 1-5-2 സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് ഗ്രാമപഞ്ചായത്ത് 2019-2020 വാർഷിക പദ്ധതി ആസൂത്രണവും നിർവഹണവും നടത്തിയിരിക്കുന്നത്. മുൻവർഷങ്ങളിലെ അവസ്ഥാവിശകലനം അതേപടി ആവർത്തിച്ച് രേഖപ്പെടുത്തിയാണ് 2019-2020 സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2020-21 ലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതും മുൻവർഷങ്ങളിലെ അവസ്ഥാവിശകലനത്തിൽ മാറ്റം വരുത്താതെയാണ്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്നു വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. ഇങ്ങനെ കാലികമാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരട് വാർഷിക പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടത്. 2019-2020 വർഷം സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാതെയും വിവരങ്ങൾ കാലികമാക്കാതെയുമാണ് പദ്ധതി ആസൂത്രണവും നിർവ്വഹണവും നടത്തിയത്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായും കാണുന്നില്ല.

## 1-5-3 വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള അവസ്ഥാ രേഖ പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായ പ്രോജക്റ്റുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. 2019-2020 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി രണ്ട് തവണയാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്.പദ്ധതി രൂപീകരണം സംബന്ധിച്ച പ്രാരംഭയോഗം 13-11-2018 നും ഗ്രാമസഭ പ്രൊജക്റ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിന് 19-11-2018 നും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കൽ, മിനിട്ട്സ് രേഖപ്പെടുത്തൽ, മിനുട്സ് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗവികസനം ഉൾപ്പെടെ 14 വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ മേൽസൂചിപ്പിച്ച ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി തോതിൽ നിർവ്വഹിച്ചതായി കാണുന്നില്ല.

<u>വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ കൃഷി ഓഫീസർ പങ്കെടുക്കുന്നില്ല.</u>

വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ കൃഷി ഓഫീസർ ഒരു യോഗത്തിലും പങ്കെടുത്തിട്ടില്ലെന്ന് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ നിന്ന് വ്യക്തമാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ചേർന്ന കൃഷി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെല്ലാം പങ്കെടുത്തിട്ടുള്ളത് കൃഷി അസിസ്റ്റന്റുമാരാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണെന്നിരിക്കെ കൃഷി ഓഫീസർ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നത് വീഴ്ചയാണ്. എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും കൺവീനർമാരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് തുടർനടപടികൾക്കായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5-4 വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതക്കുറവ്-വികസനഫണ്ട് ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 1.45 കോടി രൂപ നഷ്ടപ്പെട്ടു.

2019-2020 സാമ്പത്തികവർഷത്തിൽ 21 സ്പിൽ ഓവർ പ്രോജക്റ്റുകളും 130 പുതിയ പ്രോജക്റ്റുകളും ഉൾപ്പെടെ 151 പ്രോജക്റ്റുകൾക്കാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത് ഇതിൽ 99 പ്രോജക്റ്റുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്.വിവിധ പദ്ധതികൾക്കായി 6,41,97,055 രൂപ വകയിരുത്തിയതിൽ 3,12,54,105/- രൂപ

മാത്രമാണ്ചെലവഴിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനത്തിലെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം-സാധാരണഫണ്ട് | 1,31,52,000 | 1,12,10,999 | 19,41,001 | 85.24 |
| എസ്.സി.പി. | 13,81,000 | 10,23,053 | 3,57,947 | 74.08 |
| ടി.എസ്.പി | 22,19,000 | 15,18,925 | 6,70,075 | 69.80 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,00,51,000 | 65,97,625 | 34,53,375 | 65.64 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 79,91,000 | 8,95,051 | 70,95,949 | 11.2 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 38,20,000 | 27,65,912 | 10,54,088 | 72.4 |
| | 3,86,14,000 | 2,40,41,565 | 1,45,72,435 | 62.26 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 1,45,72,435/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങിയതിലെ നടപടിക്രമങ്ങളിലെ അപാകങ്ങൾ

പടിയൂർ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ പുതുതായി 223 തൊഴിൽകാർഡുകൾ നൽകിയിട്ടുണ്ട്. ഇവയുൾപ്പെടെ ആകെ 4046തൊഴിൽകാർഡുകൾ ഓഡിറ്റ് വർഷത്തിൽ നിലവിലുണ്ട്. 2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം 106350തൊഴിൽദിനങ്ങൾ വിഭാവനം ചെയ്യുകയും 92362 തൊഴിലുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റിൽ തൊഴിൽ ഘടകങ്ങൾ മാത്രം ഉൾപ്പെട്ടിരിക്കുന്ന പ്രവർത്തികളിലെ ഭൂരിഭാഗം പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവർത്തികൾ ഭൂരിഭാഗവും 2020-21 വർഷത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്.കൂടാതെ സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവർത്തികളുടെ നിർവ്വഹണത്തിനായി സാധനസാമഗ്രികൾ വാങ്ങിയതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെടുകയുമുണ്ടായി.

1)സാധനസാമഗ്രികൾ വാങ്ങിയത് -ക്രമപ്രകാരമല്ല.

പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ ലേബർ ബജറ്റിൽ ഉൾപ്പെട്ടിരിക്കുന്ന 27 റോഡ് പ്രവൃത്തികളുടെ കോൺക്രീറ്റിംഗ്/ചെങ്കല്ല് പതിക്കൽ എന്നിവക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനായി 12.11.2019ലെ എ3-3637/1/18, 21.12.2019ലെ എ3-3637/1/18 എന്നീ നമ്പറുകളായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ നടപടിക്രമങ്ങൾ പാലിക്കാതെയുള്ളതും തുടർനടപടികൾ സുതാര്യതയില്ലാത്തതുമാണ്.വിശദാംശങ്ങൾ ചുവടെ.

എ)ടെൻഡർ ക്ഷണിച്ചതിലെ അപാകം.

സ.ഉ(കൈ)നം.93/2012/തസ്വഭവ തി.31.3.2012 പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതുണ്ട്.തുടർന്ന് ലേബർ ബജറ്റ് പ്രകാരം വർഷം മുഴുവനും ആവശ്യമായി വരുന്ന ഓരോ ഇനങ്ങളുടെയും അളവ് കണക്കാക്കി പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിക്കുകയും അപ്രകാരം തീരുമാനിക്കപ്പെട്ട സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന ടെൻഡർ നോട്ടീസിൽ ഓരോ പ്രവർത്തിയും അവയുടെ ആകെ അടങ്കൽ തുക (സാധനസാമഗ്രികളുടെ വില+തൊഴിലാളികളുടെ കൂലി) തുക കാണിച്ചാണ് ടെൻഡർ ക്ഷണിച്ചിരിക്കുന്നത്. കരാറുകാർ ടെൻഡർ സമർപ്പിച്ചിരിക്കുന്നതും അവ അംഗീകരിച്ചിരിക്കുന്നതും (ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ) ഇപ്രകാരമുള്ള തുകക്കാണ്. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ മുകളിൽ സൂചിപ്പിച്ച പ്രകാരം ഇനം തിരിച്ച് വർഷം മുഴുവൻ ആവശ്യമുള്ള അളവ് മുൻകൂട്ടി കണക്കാക്കി ടെൻഡർ ക്ഷണിക്കുന്നതിന്പകരം പ്രവർത്തികളുടെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ബി)പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കുലർ പ്രകാരം രൂപീകരിക്കേണ്ട പ്രൊക്യൂർമെന്റ് കമ്മറ്റിയും സബ്കമ്മറ്റിയും ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. വാങ്ങേണ്ട സാധനങ്ങളുടെ അളവ് നിശ്ചയിക്കേണ്ടതും ലഭ്യമായ ടെൻഡറുകൾ പ്രാഥമികമായി പരിശോധിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ഈ കമ്മറ്റിയാണെന്നിരിക്കെ ഈ കമ്മറ്റിയുടെ അഭാവത്തിൽ വാങ്ങൽ നടപടിക്രമങ്ങൾ ശരിയായ നടപടിയല്ല.

സി)ടെൻഡറുകൾ അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

ലഭ്യമാക്കിയിരിക്കുന്ന ടെൻഡർ രജിസ്റ്ററിൽ ഓരോ കരാറുകാരനും ക്വാട്ട് ചെയ്ത നിരക്ക് രേഖപ്പെടുത്തുകയും സ്വീകരിച്ച കരാറുകാരന്റെ പേര് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡറുകൾ ഭരണസമിതി പരിഗണിച്ചതിന്റെ തീരുമാനം നമ്പരും തിയ്യതിയും ഫയലിൽ ലഭ്യമല്ല.

ഡി)കരാറുകാരുമായി കരാർ ഉടമ്പടി ചമച്ചിട്ടില്ല.

കരാറുകാരെ തെരഞ്ഞെടുത്ത വിവരം അവരെ അറിയിച്ചുകൊണ്ടുള്ള സെലക്ഷൻ നോട്ടീസ് ഫയലിൽ ലഭ്യമല്ല.കരാറുകാരുമായി ചമക്കേണ്ട കരാർ ഉടമ്പടി ചമച്ചതായും കാണുന്നില്ല.

ഇ)സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സാധനസാമഗ്രികൾ വിതരണത്തിന് കരാർ എടുത്തവർ പ്രവർത്തി സ്ഥലങ്ങളിൽ സാധനങ്ങൾ ഇറക്കേണ്ടതും തൊഴിലുറപ്പ് അസി.എഞ്ചിനീയർ അവ കൈപ്പറ്റേണ്ടതുമാണ്. തുടർന്ന് ഇവ അതാത് തൊഴിലുറപ്പ് മെയ്റ്റുമാർക്ക് കൈമാറേണ്ടതും അവർ മുകളിൽ സൂചിപ്പിച്ച ഉത്തരവിലെ അനുബന്ധം 6 പ്രകാരമുള്ള ഫോറത്തിൽ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഏതൊക്കെ സാധനങ്ങൾ എത്രയൊക്കെ അളവിൽ ലഭ്യമായെന്ന് കാണിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല.

സാധനസാമഗ്രികൾ വാങ്ങിയത് സുതാര്യമായ ടെൻഡർ നടപടികളിലൂടെയാണെന്ന് ബോധ്യപ്പെടുന്ന രീതിയിൽ ടെൻഡർ രേഖകൾ സൂക്ഷിക്കാത്തത് ഗൌരവതരമായ വീഴ്ചയാണ്. ഇക്കാര്യത്താൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അവ കൃത്യമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.ആയതിനാൽതന്നെ സാധനങ്ങളും സാമഗ്രികളും സമാഹരിക്കുമ്പോൾ സ.ഉ(കൈ)നം.93/2012/തസ്വഭവ തി.31.3.2012 പ്രകാരമുള്ള നടപടികൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2019-20 | 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 536000 | 42 |
| | വിധവാപെൻഷൻ | 11512200 | 866 |
| | കർഷകതൊഴിലാളി പെൻഷൻ | 10099200 | 726 |

| | | |
|---|---|---|
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3458600 | 258 |
| തൊഴിൽ രഹിത വേതനം | 198480 | 120 |
| വാർദ്ധക്യകാല പെൻഷൻ | 19375300 | 1509 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54,643 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ (കാഷ്-50893,ചെക്ക്-3750)കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നിരവധി കെട്ടിടങ്ങൾക്ക് തൻവർഷം നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈസൻസ് എടുക്കാത്ത കച്ചവട സ്ഥാപനങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.ഊരത്തൂർ ഹോട്ട് മിക്സിംഗ് പ്ലാന്റിനോടനുബന്ധിച്ച് അനധികൃതമായി നിർമ്മിച്ച കെട്ടിട ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഗ്രാമസഭയിൽ തീരുമാനമെടുത്തിരുന്നുവെങ്കിലും നടപ്പാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-02-2021 | 2020 ഡിസംബർ,2021 ജനവരി | 99/17 തീയതി 23-02-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-08-2019 | 2009-10 മുതൽ 2013-14 വരെ | LBA/(HQ)/111/111 /8A-2200-2014-15/88 തീയതി 06-06-2019 |

*പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 04-06-2018 തീയതി മുതലുള്ള 27 ആക്ഷൻ പോയന്റിൽ നടപടി*

*സ്വീകരിക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.*

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങി 2019-2020 സാമ്പത്തിക വർഷത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും മറ്റുമായി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളുടെ ഗ്രാമസഭകൾ ചേർന്നതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണം 2019-2020 | 2018 ഒക്ടോബർ |
| വാർഷിക കർമ്മപദ്ധതിയും ലേബർ ബജറ്റും അംഗീകരിക്കൽ | ഡിസംബർ 2018 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടികൾ | ഫെബ്രുവരി 2019 |
| 2019-2020ഗുണഭോക്തൃലിസ്റ്റ് അംഗീകാരം,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ളവയുടെ അംഗീകാരം | ജൂലൈ 2019 |
| 2020-21 ലേബർ ബജറ്റ് അംഗീകരിക്കൽ | നവംബർ 2019 |
| പദ്ധതി രൂപീകരണം 2020-2021 | ഫെബ്രുവരി 2020 |

### 1-11-1 ഗ്രാമസഭമിനുട്സ് രേഖപ്പെടുത്തിലുകളിലെ വീഴ്ചകൾ

ഗ്രാമസഭയോഗത്തിൽ പങ്കെടുക്കുവാൻ എത്തിയവരുടെ പേര്, മേൽവിലാസം, വയസ്സ്, എസ്/എസ്.ടി, സ്ത്രീ, പുരുഷൻ, വിദ്യാഭ്യാസം, തൊഴിൽ, ഒപ്പ് എന്നീ ക്രമത്തിൽ മിനുട്സ് ബുക്കിൽ ഓരോ കോളവും വ്യക്തമായി പൂരിപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഗ്രാമസഭ യോഗത്തിൽ പങ്കെടുക്കുന്നവരിൽ പകുതിയിലധികം അംഗങ്ങളുടെ വിവരങ്ങൾ മേൽസൂചിപ്പിച്ച പ്രകാരം മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പിന്നീട്ടുള്ള രേഖപ്പെടുത്തലുകൾ പേരും ഒപ്പും മാത്രമായി ചുരുങ്ങുന്നതായി മിനുട്സ് പരിശോധിച്ചതിൽ കാണുന്നു. ബ്ലാത്തൂർ വാർഡിലെ ഗ്രാമസഭയോഗത്തിന്റെ ക്വാറം 111 ആണ്.02-07-2019ൽ നടന്ന ഗ്രാമസഭയോഗമിനുട്സ് പ്രകാരം 1 മുതൽ 102 വരെയുള്ള ക്രമനമ്പർ രേഖപ്പെടുത്തി 102 പേരാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. പിന്നീട് ക്രമനമ്പർ രേഖപ്പെടുത്താതെ മിനുട്സിലെ മാർജിന് പുറത്ത് ക്വാറം തികയുന്നതിന് വേണ്ടി പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. യോഗം അവസാനിച്ചാൽ കോ-ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും, യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജനപ്രതിനിധികളും കൂടാതെ ഗ്രാമസഭയോഗത്തിൽ പങ്കെടുത്തിട്ടുള്ള ചുരുങ്ങിയത് പത്ത് പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ ഒരു ഗ്രാമസഭയിലും പാലിക്കുന്നില്ലെന്ന് മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഗ്രാമസഭ കോർഡിനേറ്റർമാർ മിനുട്സ് കൈകാര്യം ചെയ്യുന്നതിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകുന്നത് ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-11-2 ഊരുകൂട്ടം യോഗങ്ങളിലെ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച.

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിൽ 9 ഊരുകൂട്ടങ്ങളാണ് ഉള്ളത്. പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഊരുകൂട്ടയോഗങ്ങൾ ചേരുന്നുണ്ടെങ്കിലും ഊരുകൂട്ടയോഗങ്ങളിലെ നിർദ്ദേശങ്ങളും മുൻഗണനകളും അതാത് വാർഡിലെ ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യാത്തത് വീഴ്ചയാണ്. ഊരുകൂട്ട യോഗങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ, നിർദ്ദേശങ്ങൾ, മുൻഗണനകൾ എന്നിവ അതാത് ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഊരുകൂട്ടയോഗങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1- 12 റോഡ് പുന:സ്ഥാപിക്കൽ ചാർജ് ഈടാക്കിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ റോഡുകളിൽ ടെലികോം കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ റോഡ് പുനസ്ഥാപിക്കൽ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

### 1-12-1 റോഡ് കട്ടിംഗ് പുനസ്ഥാപിക്കൽ ചാർജ് കണക്കാക്കിയതിലെ പിഴവ്-3,44,423 രൂപയുടെ നഷ്ടം

0.5 മീറ്റർ വീതിയിൽ 900മീറ്റർ നീളത്തിൽ റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 21.03.2019 തീയതിയിൽ അപേക്ഷിക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി/ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലർ പ്രകാരം പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴിയുടെ വീതിയുടെ ഒന്നര മടങ്ങ് വീതിയുടെ അടിസ്ഥാനത്തിലാവണം റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം കണക്കാക്കാതെ റോഡ് പുന:സ്ഥാപിക്കൽ ചാർജ് വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫയൽ നം.എ3/1565/19 | | |
|---|---|---|
| Road Shoulder Cutting നിരക്ക് | 1530.77 | |
| Length Of Shoulder Cutting | 900 മീറ്റർ | പടിയൂർ ടൗൺ-പുലിക്കാട്-ടവർ വരെ |
| ഈടാക്കേണ്ട പുന:സ്ഥാപിക്കൽ ചാർജ് | 900*0.75*1530.77 =10,33,270 | |
| ഈടാക്കിയത് | 900*0.50*1530.77 =6,88,847 | രസീത് നം.119020400001/12-06-2019 |
| കുറവ് വന്ന തുക | 3,44,423.00 | |

കമ്പനി ആവശ്യപ്പെട്ടത് 50 സെന്റിമീറ്റർ ആണെന്നിരിക്കെ 30 സെ.മീറ്റർ വീതിയിലാണ് കുഴിയെടുത്തതെന്ന ഗ്രാമപഞ്ചായത്തിന്റെ മറുപടി അംഗീകരിക്കുന്നില്ല.ഓവർസിയർ തയ്യാറാക്കിയ റേറ്റ് ചാർട്ട് പ്രകാരമാണ് തുക കണക്കാക്കിയിട്ടുള്ളത്. റോഡ് റീഫോർമേഷൻ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലും റിലയൻസ് ആവശ്യപ്പെട്ട വീതിയുടെ ഒന്നരമടങ്ങ് നിർബന്ധമായും ഉൾപ്പെടുത്തി റോഡ് പുന:സ്ഥാപിക്കൽ ചാർജ് നിർണ്ണയിക്കേണ്ടതുള്ളതിനാലും, പ്രവൃത്തി ചെയ്ത കാലയളവ് 2019 വർഷത്തിലായതിനാലും സൈറ്റ് പരിശോധന പ്രായോഗികമല്ലാത്ത സാഹചര്യത്തിലും ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ കുറവ് വന്ന 3,44,423/- രൂപ ഈടാക്കേണ്ടതാണ്.

### 1-12-2 റോഡ് പുനസ്ഥാപിക്കൽ ചാർജ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത-91291/- രൂപയുടെ വരവ് നഷ്ടം

ഫയൽ നം.എ3-3111/2019

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ 19.07.2019 തീയതിയിലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പെരുവപ്പറമ്പ് ബ്രിഡ്ജ് മുതൽ ടവർ വരെ 0.5 കി.മീ നീളത്തിൽ 0.4 മീറ്റർ വീതിയിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി നൽകുകയും അസിസ്റ്റന്റ് എൻജിനീയർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 105336/- രൂപ ഈടാക്കുകയും (രസീത് നം.119020400002 തീയതി 30-08-2019) ചെയ്തിട്ടുണ്ട്. ടാർ ചെയ്യുന്ന ഭാഗത്തിലെടുക്കുന്ന

കുഴിയുടെ വീതിക്ക് ചുരുങ്ങിയത് ഒരു മീറ്ററെങ്കിലും കണക്കാക്കി വേണം പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി/ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. സർക്കാരിന്റെ 03-07-2019 തീയതിയിലെ ജി.ഒ (ആർ.ടി)1366/2019 എൽ എസ് ജി ഡി ഉത്തരവ് പ്രകാരം റോഡ് പുനസ്ഥാപിക്കൽ ചാർജ് നിശ്ചയിക്കുമ്പോൾ ജി.എസ്.ടി കൂടി ഉൾപ്പെടുത്തണമെന്ന വ്യവസ്ഥയും പുന:സ്ഥാപിച്ചിട്ടുണ്ട്.എന്നാൽ റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേറ്റിൽ കുഴിയുടെ വീതി ചുരുങ്ങിയത് ഒരു മീറ്ററായി കണക്കിലെടുക്കാത്തതിനാലും 12% നിരക്കിൽ ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാലും തുക ഡിമാന്റ് ചെയ്ത് ഈടാക്കിയപ്പോൾ ഗ്രാമപഞ്ചായത്തിന് 91291/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതു പ്രകാരം ഗ്രാമപഞ്ചായത്തിന് റോഡ് പുനസ്ഥാപിക്കൽ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | 1 മീറ്റർ വീതി കണക്കിലെടുത്ത് തയ്യാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് ( പ്രൈസിൽ-കോസ്റ്റ് ഇൻഡെക്സ് -32.04) | 0.60സെ.മീറ്റർ വീതി കണക്കിലെടുത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റ് ( പ്രൈസിൽ-കോസ്റ്റ് ഇൻഡെക്സ് -32.04) |
|---|---|---|
| എസ്റ്റിമേറ്റ് തുക | 175560 (9 ഇനങ്ങളിലായി) | 105336 (9 ഇനങ്ങളിലായി) |
| ജി.എസ് .ടി 12% | 21067 | ഉൾപ്പെടുത്തിയിരുന്നില്ല |
| ആകെ | 196627 | 105336 |
| ഈടാക്കിയ തുക | 105336 (രശീതി നം. 119020400002 തീയതിഃ 30.08.2019) | |
| കുറവ് വന്ന തുക | 91291 | |

റോഡ് പുനസ്ഥാപിക്കൽ ചാർജിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ 91291/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.

## 1-13 സർക്കാർ നിർദ്ദേശപ്രകാരം സേവനങ്ങൾക്കുള്ള ഫീസുകൾ,ചാർജ്ജുകൾ എന്നിവയിൽ വർദ്ധനവ് വരുത്തിയില്ല.63,525/- രൂപയുടെ വരുമാനനഷ്ടം

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വരുമാന വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. പടിയൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദശം പിന്നീട് ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. 2019-2020 സാമ്പത്തികവർഷത്തിൽ വിവിധ നികുതിയേതരവരുമാനങ്ങളായ ഫീസ് & യൂസർ ചാർജിനങ്ങളിലായി (പെനാൽട്ടീസ് & ഫൈൻ ഒഴികെ) 12,70,506 രൂപ ലഭ്യമായിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള 5% വർദ്ധനവ് നടപ്പാക്കാത്തതിനാൽ 63,525/- രൂപയുടെ വരുമാനഷ്ടം (12,70,506 രൂപയുടെ 5%) ഗ്രാമപഞ്ചായത്തിനുണ്ടായി.

## 1-14 വസ്തുനികുതി -ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായുള്ള ഫീൽഡ് തല പരിശോധന നടത്താതെ സഞ്ചയ വിവരവ്യൂഹം കുറ്റമറ്റതാണെന്ന സാക്ഷ്യപത്രം നൽകിയത് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 13-01-2011 തീയതി വരെ വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് വസ്തുനികുതി നിർണ്ണയം നടത്തി വന്നിരുന്നത്. സർക്കാരിന്റെ 14-01-2011 തീയതിയിലെ സ.ഉ (അ)നം.18/2011 നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് ഉത്തരവ് തീയതി മുതലും (അതായത് 14-01-2011 മുതൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ) 13-01-2011 വരെ വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കപ്പെട്ട പഴയ കെട്ടിടങ്ങൾക്ക് 2013-14 വർഷം മുതലും ഉത്തരവിലെ വിവിധ വ്യവസ്ഥകൾക്ക് വിധേയമായി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരിക്കുന്നതിനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. വസ്തുനികുതി നിർണ്ണയം കുറ്റമറ്റതും കാര്യക്ഷമമവുമാക്കുന്നതിനായി വസ്തുനികുതി പരിഷ്കരണം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച വെബ് അധിഷ്ഠിതസോഫ്റ്റ് വെയർ ആയ സഞ്ചയ വഴി ആരംഭിക്കുകയും ഡാറ്റാ എൻട്രി നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഉദ്യോഗസ്ഥതലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ

പഞ്ചായത്തുകളിൽ ലഭ്യമായ പഴയ നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയതിനാൽ നികുതി നിർണ്ണയത്തിൽ നിരവധി പിഴവുകൾ ഉണ്ടാകുവാനിടയായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ തെറ്റായ വിവരങ്ങൾ കുറ്റമറ്റതാക്കുന്നതിനായി ഐ.കെ.എം സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ മോഡ്യൂൾ തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് തല പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ ശരിയാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിക്കാതെ നികുതി അടവാക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ എതെങ്കിലും കെട്ടിടത്തിന്റെ ഡാറ്റയിലെ വിവരം ആവശ്യമായി വരുന്ന സന്ദർഭത്തിൽ മാത്രം ആയതിലെ തെറ്റുകൾ തിരുത്തുകയും മറ്റുള്ള അപാകങ്ങൾ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആയതിനാൽ ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥവിവരങ്ങൾ ഫാറം നമ്പർ-6 ,നികുതി നിർണ്ണയ രജിസ്റ്ററുകൾ, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിശദമായി പരിശോധിച്ച് ഡാറ്റാ ബേസ് ശുദ്ധീകരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശം നൽകിയിരുന്നത്. യഥാർത്ഥ കെട്ടിട വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിശദമായി സ്ഥല / കെട്ടിടപരിശോധന നടത്തിയോ അദാലത്തുകൾ നടത്തിയോ യഥാർത്ഥവിവരങ്ങൾ ശേഖരിക്കേണ്ടതും ഡാറ്റാ പൂരിഫിക്കേഷന്റെ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡിമാന്റ്നോട്ടീസ് പ്രകാരം 2017-2018 സാമ്പത്തികവർഷം വരെയുള്ള വസ്തുനികുതി പൂർണ്ണമായും ഒടുക്കിയ നികുതി ദായകർക്ക് ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായി ഉള്ള കുടിശ്ശിക തുക ഒറ്റത്തവണയായി ഒഴിവാക്കി നൽകിയും 2018-19 മുതൽ ഡാറ്റാ പൂരിഫിക്കേഷൻ വഴി നിർണ്ണയിച്ച നിരക്കിലുള്ള നികുതി ഒടുക്കുന്നതിനും 2017-2018 സാമ്പത്തികവർഷം വരെയുള്ള വസ്തുനികുതി പൂർണ്ണമായും ഒടുക്കാത്ത നികുതിദായകർക്ക് അവർ അവസാനമായി നികുതി ഒടുക്കിയ അർദ്ധവർഷം വരെയുള്ള ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായുള്ള കുടിശ്ശിക തുക ഒറ്റത്തവണയായി ഒഴിവാക്കി നൽകിയും അതിന് ശേഷം ഡാറ്റാ പൂരിഫിക്കേഷൻ വഴി നിർണ്ണയിച്ച നിരക്കിലുള്ള നികുതി ഒടുക്കുന്നതിനും കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പൂർണ്ണമായും അടച്ച നികുതിദായകർക്ക് അവർ അധികമായി അടച്ച തുക 2018-19 വർഷം മുതലുള്ള വസ്തുനികുതിയിൽ ക്രമീകരിച്ച് നൽകുന്നതിനും സർക്കാർ ഉത്തരവ് (സ.ഉ.സാധാ.474/2019തസ്വഭവ തീയതി 01-03-2019)പുറപ്പെടുവിച്ചിരുന്നു.

വസ്തുനികുതി ഡാറ്റാ പൂരിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ എ2-785/2018 എന്ന ഫയലിൽ 27-09-2019 തീയതിയിലാണ് വാർഡ് ക്ലാർക്കുമാർക്ക് നൽകിയത്.എന്നാൽ ഡാറ്റാ പൂരിഫിക്കേഷൻ സംബന്ധിച്ച മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെ 18-10-2019 ന് സഞ്ചയ വിവരവ്യൂഹം കുറ്റമറ്റരീതിയിലാണെന്ന സാക്ഷ്യപത്രം നൽകിയതായാണ് കാണുന്നത്. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പൂരിഫിക്കേഷൻ നടപടികൾ അപ്രായോഗികമാണെന്നിരിക്കെ സഞ്ചയ വിവരവ്യൂഹം കുറ്റമറ്റരീതിയിലാണെന്ന സാക്ഷ്യപത്രം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1.ഏറ്റവും ഒടുവിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഘടനാപരമായി മാറ്റം വരുത്തിയ 185 ച.മീ വരെയുള്ള വീടുകളെയും 185 ച.മീറ്ററിന് മുകളിലുള്ള വീടുകളെയും കൂട്ടിച്ചേർക്കലുകളെയും പുതിയ കെട്ടിടങ്ങളായി പരിഗണിച്ച് 2013-14 മുതൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന പരിശോധന നടന്നതായി കാണുന്നില്ല.(സർക്കാരിന്റെ 27-04-2015തീയതിയിലെ സ.ഉ (എം.എസ്) 144/2015 തസ്വഭവ 16-12-2015 തീയതിയിലെ സ.ഉ (എം.എസ്) 358/2015 തസ്വഭവ നമ്പർ ഉത്തരവുകൾകാണുക).

2.14-01-2011 തീയതി മുതൽ നിർമ്മിച്ച എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിലുള്ള നികുതി ബാധകമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ വിപുലീകരണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും റഗുലറൈസ് ചെയ്ത് നികുതി വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി അപാകങ്ങൾ

2019-20വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ ,അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വിവധ സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്. 205 ബി. പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം, ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാര നോടും, ഹോട്ടലിന്റെയോ, ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബിന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ, ഭൂമിയോ ,ഹോട്ടലോ, ബോർഡിംഗോ, ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക

ഏതെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ച കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് , നിർദ്ദിഷ്ട സമയത്തിനുള്ളിൽ, സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. പടിയൂർ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ഇത്തരം നടപടികളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-15-1 തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാർ | കാലയളവ് |
|---|---|---|---|
| 1 | അക്ഷയ സെന്റർ,ബ്ലാത്തൂർ | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 2 | കള്ള് ഷാപ്പ്,പടിയൂർ | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 3 | കള്ള് ഷാപ്പ്,ഊരത്തൂർ | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 4 | സിഗ്ബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ടാം അർദ്ധ വർഷം |
| 5 | മോഡേൺ സ്റ്റോൺ ക്രഷർ | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ടാം അർദ്ധ വർഷം |
| 6 | ക്ഷീരോത്പാദക സഹകരണ സംഘം,കല്ല്യാട്. | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ടാം അർദ്ധ വർഷം |

വിട്ടുപോയ ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-2 ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1)60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചാത്ത് രാജ് നിയമങ്ങളിലെ 204(1) വകുപ്പ് പ്രകാരം ഒരാൾ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തൊഴിൽ ചെയ്ത സ്ഥാപനം | സ്ഥാപനത്തിൽനിന്നും വിടുതൽ ചെയ്ത തീയ്യതി. | നികുതി ഈടാക്കേണ്ട വർഷം |
|---|---|---|---|---|
| 1 | വർഗീസ് ജോസഫ് | വില്ലേജ് ഓഫീസ് ,പടിയൂർ | 29-07-2019 | 2019-20 ഒന്നാം അർദ്ധവർഷം |
| 2 | ഷീന കെ. | ലാന്റ് അക്വിസിഷൻ ഓഫീസ് | 09-08-2019 | 2019-20 ഒന്നാം അർദ്ധവർഷം |
| 3 | ജിനു യു.എൻ. | കൃഷി ഓഫീസ് | 28-11-2019 | 2019-20 രണ്ടാം അർദ്ധവർഷം |
| 4 | ഡോ.ജില്ല ജോർജ് | ഗവ.ഹോമിയോ ഡിസ്പെൻസറി,കുയിലൂർ | 27-11-2019 | 2019-20 രണ്ടാം അർദ്ധവർഷം |

ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുകയോ മാറി പോയ സ്ഥലത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയോ എന്ന് ഉറപ്പ് വരുത്തുകയോ ചെയ്യേണ്ടതാണ്.

2.പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ഇവരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.നിയമന അംഗീകാരം കിട്ടാത്ത താഴെ പറയുന്ന അദ്ധ്യാപകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്കൂൾ | പേര് |
|---|---|---|
| 1 | എസ്.എൻ.എ.യു.പി.സ്കൂൾ,പടിയൂർ | ആര്യ മോഹൻദാസ് |
| 2 | | അമൃത ഇ.എസ്. |
| 3 | | അഖിൽ രാജ് പി. |
| 4 | | അമ്പിളി സി.എസ്. |
| 5 | | ശുഭ സി.എസ്. |
| 6 | | ലസ്സ പി.കെ |
| 7 | നാരായണ വിലാസം എ.എൽ.പി.എസ്.,പെരുമണ്ണ് | വീണ കെ |
| 8 | സെന്റ് .ആന്റണീസ് എൽ.പി.എസ്.,കല്ലുവയൽ | സാന്ദ്ര തെരേസ വി.ടോം |

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കേണ്ടതാണ്.

4.തൊഴിൽ നികുതി ഈടാക്കിയില്ല .

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാർ | കാലയളവ് |
|---|---|---|---|
| 1 | കല്ല്യാട് സർവ്വീസ് സഹകരണ ബാങ്ക് | പി.പി.ശ്രുതി, ജൂനിയർ ക്ലർക്ക്. | 2019-20 രണ്ടാം അർദ്ധ വർഷം |
| 2 | പടിയൂർ ഗ്രാമ പഞ്ചായത്ത് | ഷാജു കെ.,ഡ്രൈവർ | 2019-20 ഒന്നാം അർദ്ധ വർഷം |

വിട്ടുപോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപാകങ്ങൾ

ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി&ഒ/എഫ് ടി ഇ & ഒ എസ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഡി&ഒ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ആകെ ലൈസൻസ് നൽകിയ 224 സ്ഥാപനങ്ങളിൽ 85 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. സ്ഥാപനങ്ങൾ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നെണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടലംഘനത്തിന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 255 പ്രകാരം പിഴ ശിക്ഷ നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/18-03-2021) പിഴ ഈടാക്കാൻ വിട്ട പോയ സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നടപടി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-1 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1.2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ നിന്നും പഞ്ചായത്ത് പരിധിയിൽ 7റേഷൻ കടകൾ പ്രവർത്തിക്കുന്നതായി വ്യക്തമാണ്. എന്നാൽ ഈ റേഷൻ കടകൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചുവന്നത്. 2019-20 വർഷം പഞ്ചായത്ത് പരിധിയിൽപ്രവർത്തിക്കുന്ന 25 ചെങ്കൽ പണകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ പണകൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചുവന്നത്. 01-08-2019 ന് ചേർന്ന ജീവനക്കാരുടെ യോഗ തീരുമാനം.ക്രമ നം.1 പ്രകാരം ചെങ്കൽ പണകൾ പരിശോധിച്ച് ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് കാണുന്നു. എന്നാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുക്കാതെയാണ് ചെങ്കൽ പണകൾ പ്രവർത്തിച്ചുവന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18-03-2021) നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നടപടി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1178 കെട്ടിടങ്ങൾ വാണിജ്യം/വ്യവസായം/ഇതര വ്യവസായം/ഫ്യൂവൽ സ്റ്റേഷൻ/ഓഫീസ് / ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വാണിജ്യ കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല. അതായത് 1178 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 224സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുള്ളത്. കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ ഇത്രയും വലിയ വ്യത്യാസം ഉണ്ടെന്നു വ്യക്തമാണ്.

ഇക്കാര്യം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/18-03-2021) വാണിജ്യാവശ്യത്തിന് നിർമ്മാണം നടത്തിയ എല്ലാ കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് മറുപടി നൽകിയത്.

ഫീൽഡ് തല പരിശോധനയിലൂടെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്. 205 ബി.പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം , ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും, ഹോട്ടലിന്റെയോ , ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബിന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിംഗോ, ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും , അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക ഏതെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ്, നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകി മുഴുവൻ കെട്ടിടങ്ങൾ/സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും നികുതി, ലൈസൻസ് ഫീ എന്നീ

ഇനങ്ങളിൽ വരുമാനം വർദ്ധിപ്പിക്കാനും കുറ്റമറ്റ രീതിയിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും സാധിക്കും. ഇത്തരം നടപടികളിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-16-2 വ്യത്യസ്ത നിരക്കുകളിൽ ഫീ ഈടാക്കുന്നു.

30-10-2017ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം വിവിധ സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുണ്ട് (ചട്ടം 7,പട്ടികII). 2019-20 വർഷം പടിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഇതിൽ നിന്നും വ്യത്യസ്തമായ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | അപേക്ഷകൻ/ ആവശ്യം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീ | ഈടാക്കേണ്ടിയിരുന്ന ഫീ |
|---|---|---|---|---|---|
| 1 | XIII/33B | ശരത്ത് കെ.ടി./ എൽ.പി.ജി.ഷോറൂം | 1കോടിയിൽ താഴെ | 2000 118020104458 27-02-2018 | 1000 |
| 2 | II/226 | എ.പി.കുഞ്ഞാമിന/മരമിൽ | 1കോടിയിൽ താഴെ | 2000 118020104490 28-02-2018 & 1190201010001 17-07-2019 | 1000 |
| 3 | II/93,94,95 | ഷംസീർ കെ.സി. /സിമന്റ് ,കമ്പി മുതലായവയുടെ വിൽപന | 2കോടിയിൽ താഴെ | 2000 119020101440 18-09-2019 | 5000 |
| 4 | XIV/300 | മനോഹരൻ കെ.വി. /ക്രഷർ | 1കോടിയിൽ താഴെ | 3000 118020104671 12-03-2019 & 119020100295 25-05-2019 | 1000 |

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/18-03-2021) ഏകീകൃത നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നടപടി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഫാമുകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ആവശ്യമാണ്. എന്നാൽ 2019-20 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | അപേക്ഷകൻ | ആവശ്യം | ഡി&ഒ ലൈസൻസ് ഫീ ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| 1 | XII/243A | കമ്പത്തി സുനിൽ കുമാർ | പൗൾട്രി ഫാം | 1000<br>11820104245<br>23-02-2019 |
| 2 | II/389B | അബൂബക്കർ ഹമീദ് | പൗൾട്രി ഫാം | 500<br>11820104287<br>23-02-2019 |
| 3 | XIV/300A | സമീർ എൻ.കെ. | പൗൾട്രി ഫാം | 1000<br>11902010159<br>03-10-2019 |
| 4 | VI/303A,303B | സജിത സി.കെ. | പന്നി ഫാം | 500<br>119020104944<br>04-03-2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/18-03-2021) ഫാം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ പ്രവർത്തിക്കുന്ന ഫാമുകൾക്ക് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാവുന്നതും ആറുമാസം കൂടുമ്പോൾ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഇ ടെണ്ടർ- ടെണ്ടർ ഫീസ് 2,33,950 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നീ ഇനങ്ങളിലെ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇപ്രകാരം 2015-16, 2016-17, 2018-19, 2019-20 വർഷങ്ങളിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 56490 |

| | |
|---|---|
| 2016-17 | 44550 |
| 2018-19 | 54930 |
| 2019-20 | 77980 |
| ആകെ | 2,33,950 |

ഇ-ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ എസ് ബി ഐ ഉളിക്കൽ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിരുന്നുവെങ്കിലും (അക്കൗണ്ട് നം.37832219897) 2015-16 മുതലുള്ള തുക ലഭിച്ചിട്ടില്ല. തുക ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിലെ കാലതാമസം പദ്ധതിവിഹിതം ലാപ്സാകുന്നതിന് കാരണമായി.

പൊതുമരാമത്ത് മേഖലയിൽ 2019-2020 സാമ്പത്തിക വർഷത്തിൽ അംഗീകാരം വാങ്ങിയ 49പുതിയ പ്രോജക്ടുകളും 8സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പെടെ 57 പ്രോജക്ടുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിനായി വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് സ്രോതസ്സുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| പൊതുവിഭാഗം-സാധാരണഫണ്ട് | 1287732 | 489602 |
| എസ്.സി.പി. | 0 | 0 |
| ടി.എസ്.പി | 529000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7892427 | 3995654 |
| മെയിന്റനൻസ് ഫണ്ട് ( റോഡ് ) | 8400733 | 895051 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 2479801 | 816252 |
| സംസ്ഥാനാവിഷ്കൃതം | 282000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1700000 | 0 |
| ആകെ | 22571693 | 6196559 |

8 സ്പിൽ ഓവർ പ്രോജക്ടുകൾക്കും 10പുതിയ പ്രോജക്ടുകൾക്കും മാത്രമാണ് തൻവർഷം ഫണ്ട് വിനിയോഗിക്കുവാൻ സാധിച്ചത്.21 പുതിയ പ്രോജക്ടുകൾ പൂർത്തീയാക്കി 77,42,849 രൂപയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും പാസാകാത്തതിനാൽ ക്യൂ ബിൽ ആയി മാറുകയും 2020-21 വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്ന് പ്രസ്തുത ചെലവ് വഹിക്കേണ്ട സാഹചര്യമാണുണ്ടായത്. ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് നഷ്ടപ്പെടുത്തിയതിൽ പ്രധാന പങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് മേൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതി വിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രോജക്ടുകളുടെ അംഗീകാരം സാമ്പത്തികവർഷാരംഭത്തിന് വളരെ മുൻപ് തന്നെ (2018 ഡിസംബർ-27)ലഭ്യമാക്കുവാൻ സാധിച്ചിട്ടും തുടർന്നുള്ള നിർവഹണ പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1.വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം

2.എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നേടിയെടുക്കുന്നതിലുണ്ടായ കാലതാമസം

3.സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിലുണ്ടായ കാലതാമസം

കൂടാതെ പ്രോജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണ പുരോഗതിയ്ക്ക്

തടസ്സമായി. വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച ഉടൻ പ്രോജക്ടുകൾക്ക് വെറ്റിംഗ്/സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം.

പ്രോജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. കരാറുകാരുടെ യോഗം വിളിച്ച് ചേർത്ത് നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി.പി.സി. അംഗീകാരം മുതൽ പ്രോജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നുനിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കും ഉണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കിയോസ്കുകളിലേക്ക് കുടിവെള്ള വിതരണം-ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് പ്രകാരമുള്ള റണ്ണിംഗ് കിലോമീറ്ററിൽ അധികരിച്ച് കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. 1,21,467/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ പടിയൂർ വില്ലേജിലെ 17കിയോസ്കുകളിലും കല്ല്യാട് വില്ലേജിലെ 7 കിയോസ്കുകളിലും ജി പി എസ് ഘടിപ്പിച്ച ടാങ്കർ ലോറിയിൽ 2019 ഏപ്രിൽ 8 മുതൽ കുടിവെള്ളം നിറക്കുന്നതിന് കരാർ നൽകിയ ശ്രീ പി സന്തോഷ്, വളക്കൈ, കൊയ്യം (പി.ഒ) എന്നവർക്ക് വൗച്ചർ നമ്പർ 21900186/ 20-06-2019 പ്രകാരം 3,62,866/-രൂപ (ഗ്രോസ് തുക-3,70,272/- രൂപ (-)ആദായനികുതി 7406/-രൂപ) അനുവദിക്കുകയുണ്ടായി. കിലോമീറ്ററിന് 57/-രൂപ നിരക്കിലാണ് കുടിവെള്ളം നിറക്കുന്നതിന് കരാർ നൽകിയത്. വാഹനം വഴിയുള്ള കുടിവെള്ള വിതരണത്തിന് ജി പി എസ് ട്രാക്കിംഗ് സംവിധാനമാണ് ഉപയോഗിച്ചത്. ഏതൊക്കെ പോയിന്റുകളിലാണ് കുടിവെള്ളം എത്തിക്കേണ്ടതെന്ന് ഗ്രാമപഞ്ചായത്ത് അറിയിക്കുമെന്നും ജി പി എസ് ഘടിപ്പിച്ച ടാങ്കർ ലോറിയുടെ രജിസ്ട്രേഷൻ നമ്പർ,ജി പി എസ് ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ്,ലോഗ് ബുക്ക് എന്നിവ സഹിതം കുടിവെള്ളം വിതരണം ചെയ്തതിന് ശേഷം അതാത് ദിവസം തന്നെ കുടിവെള്ളം വിതരണം ചെയ്തതിന്റെ വിവരങ്ങൾ (വിതരണം ചെയ്ത അളവ്, വാഹനം ഓടിയ ദൂരം, വാഹന നമ്പർ ഉൾപ്പെടെ) ഗ്രാമപഞ്ചായത്തിനെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ച KL-13 V 9545 എന്ന വാഹനത്തിന്റെ ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ട് പ്രകാരം 4365 കിലോ മീറ്റർ ദൂരം ഓടിയതായാണ് കാണുന്നത്. എന്നാൽ 6496 കി.മീറ്റർ റണ്ണിംഗ് കിലോമീറ്റർ കണക്കാക്കി 3,70,272/- രൂപ (6496*57) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ സംബന്ധിച്ച രേഖകൾ ഒന്നും തന്നെയില്ലാതെ കരാറുകാരന് 1,21,467/- രൂപ അധികം അനുവദിച്ചത് ക്രമപ്രകാരമല്ല. സർക്കാരിന്റെ 02-03-2019 തീയതിയിലെ സ.ഉ (സാധാ)നം.500/2019/തസ്വഭവ ഉത്തരവ് പ്രകാരം ജി പി എസ് ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് മുതലായവ ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് സെക്രട്ടറി തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി പി എസ് ട്രാക്കിംഗ് റിപ്പോർട്ടിലുള്ളതിനെക്കാളും അധികം കിലോമീറ്റർ കണക്കാക്കി കരാറുകാരന് തുക അനുവദിച്ചതിന്റെ കാരണം രേഖകൾ സഹിതം ഫയലിൽ ഇല്ല. മേൽസൂചിപ്പിച്ച അപാകങ്ങൾ ഉള്ളതിനാൽ 1,21,467/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് നൽകിയത്-വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ കുടിവെള്ള പ്രവർത്തികളുടെ നിർവ്വഹണത്തിനായി താഴെ പറയുന്ന തുക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നൽകിയ തുക/ഫണ്ടിനം | ബിൽ നം |
|---|---|---|---|
| 111/20 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 140000 രൂപ/റോഡിതര സംരക്ഷണ ഗ്രാന്റ് | 32/18.12.2019 |
| 139/20 | വിവിധ സ്ഥലങ്ങളിൽ പൈപ് ലൈൻ | 13,63,000/ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 15/30.10.2019 |

| | | | |
|---|---|---|---|
| | എക്സിടെൻഷൻ | | |
| 176/20 | മുയ്യേരി പട്ടികജാതി കോളനിയിൽ കുടിവെള്ള പൈപ് ലൈൻ സ്ഥാപിക്കൽ | 7,19,000/വികസന ഫണ്ട് (എസ്.സി.പി) | 54/9.3.2020 |

ഈ പ്രവർത്തികൾ പൂർത്തീകരിച്ചതായുള്ള പൂർത്തീകരണസാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയിട്ടില്ല.ഇത് ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് ഇവ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽനിന്നും വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണസാക്ഷ്യപത്രവും താമസംവിനാ ലഭ്യമാക്കേണ്ടതാണ്.

## 1-22 ടെൻഡർ പ്രകാരമുള്ള സാധനംവിതരണം ചെയ്തില്ല:ഇ.എം.ഡി തുക മുതൽകൂട്ടേണ്ടതാണ്.

പ്രോജക്ട് നം.145/20

പ്രോജക്ടിന്റെ പേര് : വി.ഇ. ഒ ഓഫീസിലേക്ക് ഇൻവെർട്ടർ വാങ്ങൽ

ചെലവ് തുക:75000രൂപ

ടെൻഡർ നടപടികളെ തുടർന്ന് ഇൻവെർട്ടർ ലഭ്യമാക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്നത് ഓഡിയോ വിഷൻ ഇലക്ട്രോണിക്സ്, വീർപ്പാട് എന്ന സ്ഥാപനമാണ്. (66000 രൂപ)എന്നാൽ ഈ സ്ഥാപനത്തിന് ഇൻവെർട്ടർ നല്കുവാൻ സാധിക്കാത്തതിനാൽ രണ്ടാമതായി തുക ക്വാട്ട് ചെയ്ത (75000രൂപ) സെനോൺ പവർ സൊല്യൂഷൻസ്, തളാപ്പ് കണ്ണൂർ എന്ന സ്ഥാപനത്തിൽനിന്നുമാണ് ഇൻവെർട്ടർ വാങ്ങിയിരിക്കുന്നത്. (പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.1/3 തിയ്യതി 16.1.2020) എന്നാൽ ഓഡിയോ വിഷൻ ഇലക്ട്രോണിക്സ് ലഭ്യമാക്കിയ 750 രൂപയുടെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.15-ലെ വ്യവസ്ഥകൾ പ്രകാരം ഓഡിയോ വിഷൻ ഇലക്ട്രോണിക്സ്, വീർപ്പാട് സമർപ്പിച്ച നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-23 എസ്.എസ്.എ പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭാഗമാവുന്നില്ല.

പ്രോജക്ട് നം.12/20

അടങ്കൽ :543540 രൂപ.

ഭരണാനുമതി :1(1)/ തി.26.8.2019

ചെലവ് :543540രൂപ.(ബിൽ നം.8/11.7.2019)

എസ്.എസ്.എ ജില്ലാ പ്രോജ്ക്ട് ഓഫീസറുടെ 4.7.2019 ലെ എ/എൽ എസ്.ജി/19/എസ്.എസ്.കെ കത്തിൽ ആവശ്യപ്പെട്ടത് പ്രകാരം മുകളിൽ പറഞ്ഞ തുക അടവാക്കിയിട്ടുണ്ട്. കൂടാതെ മുൻവർഷത്തെ നീക്കിബാക്കിയായി 167017 രൂപ എസ്.എസ്.എ യിൽ ഉണ്ടെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ആകെ 710557 രൂപ)

സർക്കാർ ഉത്തരവ് (കൈ)11/2018/തസ്വഭവ തി.29.1.2018 ഖണ്ഡിക 7.6.3പ്രകാരം എസ്.എസ്.എ പ്രോജക്ടുകൾക്ക് തുക നൽകുമ്പോൾ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കേണ്ടതാണ്. എന്നാൽ ഈ ഇനത്തിൽ ഏതൊക്കെ പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരുന്നതെന്ന വിവരം ഗ്രാമപഞ്ചാത്തിൽ ലഭ്യമല്ല. എസ്.എസ്.എ യിൽനിന്നും ലഭ്യമാക്കിയിരിക്കുന്ന വിനിയോഗ സാക്ഷ്യപത്രത്തിലും ഇത് വ്യക്തമാക്കിയിട്ടില്ല. വിഭാവനം ചെയ്തിരിക്കുന്ന പ്രോജക്ടുകൾ എന്തെന്ന് അറിയുന്നതിനും തുക ഈ ആവശ്യത്തിനായി തന്നെ വിനിയോഗിക്കപ്പെട്ടുവെന്ന് ഉറപ്പാക്കുന്നതിനുമുള്ള അവകാശവും ഗ്രാമപഞ്ചായത്തിനുണ്ട്. എസ്.എസ്.എ യുമായി ബന്ധപ്പെട്ട് ഇവ ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ ഈ ഇനത്തിൽ പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-24 തെരുവ് വിളക്ക് പരിപാലനം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

തെരുവ് വിളക്ക് വാങ്ങുന്നതിനും പരിപാലനത്തിനുമായി 2019-20 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക/ഫണ്ടിനം | നിർവ്വഹണോദ്യോഗസ്ഥൻ | വാങ്ങിയ ഇനം | ബിൽ നം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 23/20 | തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ | 697632 രൂപ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 18 വാട്സിന്റെ 293 എൽ ഇ ഡി ലൈറ്റുകൾ | 28/21.10.2019 |
| 104/20 | മിനിമാസ്റ്റ് ലൈറ്റ് വാങ്ങിസ്ഥാപിക്കൽ | 474681രൂപ | | 3 മിനിമാസ്റ്റ് ലൈറ്റുകൾ | 27/21.10.2019 |
| 140/20 | തെരുവ് വിളക്കുകളുടെ പരിപാലനം | 66658 രൂപ | | ----- | 40/1.2.2020 |

ഇതു കൂടാതെ 2019-20 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2,43537രൂപ അടാവക്കുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

1)തെരുവ് വിളക്കുകൾ-രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ജി.2-44274/2015 തി.17.8.2015സർക്കുലർ, സർക്കാർ ഉത്തരവ് നം.3287/2014/തസ്വഭവ തി.11.12.2014 എന്നിവയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പ്രകാരം അവശ്യം സൂക്ഷിച്ചിരിക്കേണ്ട തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ,റിപ്പയർ രജിസ്റ്റർ ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇവ സൂക്ഷിക്കാത്തതിനാൽ തന്നെ ഓരോ വർഷവും സ്ഥാപിച്ച തെരുവ് വിളക്കുകൾ ഏതൊക്കെയെന്നും അവ വിതരണം ചെയ്തത് ആരെന്നും അവയുടെ ഗ്യാരണ്ടി കാലയളവ് എത്രയെന്നും കണക്കാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ തന്നെ വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാർ നൽകുമ്പോൾ ഇവ ഒഴിവാക്കപ്പെടുന്നതിനുള്ള സാധ്യതയും ഇല്ല. ഇത് തെരുവ് വിളക്കിന്റെ വാർഷിക പരിപാലനമിനത്തിൽ അധിക ചെലവിന് കാരണമാകുന്നു. ഇവ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/12.3.2021)മറുപടിയായി അറിയിച്ചിട്ടുണ്ട്. ഈ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്

2)കരാറുകാരന് അധികം തുക നൽകി.

തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ (നം.23/2020) ആദായനികുതി വകുപ്പ് 194 സി പ്രകാരം ബില്ലിൽനിന്ന് 2% നിരക്കിൽ റിക്കവറി നടത്താത്തതിനാൽ കരാറുകാരന് 12458 രൂപ (622886 രൂപയുടെ 2%) അധികമായി നൽകിയിട്ടുണ്ട്. ജി.എസ്.ടി ആക്ട് സെക്ഷൻ 51 പ്രകാരം രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. ഇപ്രകാരം റിക്കവറി നടത്താത്തതിനാൽ കരാറുകാരന് 12458 രൂപയും (622886 രൂപയുടെ 2%)അധികമായി ഈടാക്കിയിട്ടുണ്ട്. ഈ തുകകൾ ഈടാക്കി അടവാക്കേണ്ടതാണ്.

3)കെ.എസ്.ഇ .ബി യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 102 സബ് സെക്ഷൻ 7.8 പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിച്ച് മാത്രമേ സപ്ലൈ നൽകാവൂ എന്നും മീറ്റർ സ്ഥാപിക്കാത്ത സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിൽ ആയത് മീറ്റേർഡ് സപ്ലൈയിലേക്ക് 2014 വർഷം മുതൽ രണ്ട് വർഷത്തിനുള്ളിൽ മാറണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.സ്ട്രീറ്റ് ലൈറ്റ് മീറ്റർ ബോക്സ്,സ്ട്രീറ്റ് ലൈറ്റ് മീറ്റർ എന്നിവ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കാത്തതിനാൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബി സ്വീകരിച്ചില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി നിർദ്ദേശങ്ങൾ പാലിക്കാതെയും .കെ.എസ്.ഇ.ബി യിൽനിന്നും അനുമതി ലഭിക്കാതെയും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് ക്രമവിരുദ്ധമാണ്. ഇക്കാരണത്താൽ തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ (23/20) തെരുവ് വിളക്ക് സ്ഥാപനത്തിനായി ചെലവഴിച്ച 697632 രൂപ തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി.-യിൽ നിന്നുള്ള അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പത്രപരസ്യത്തിന് അധിക നിരക്ക് നൽകുന്നു.

20-11-2015ലെ ജി.ഒ(ആർ.ടി)551/2015/പി.ആർ.ഡി ഉത്തരവ് പ്രകാരം മാതൃഭൂമിയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് പരസ്യനിരക്ക് ചതുരശ്രസെന്റിമീറ്ററിന് 91.75 രൂപയും മനോരമയിൽ പ്രസിദ്ധീകരിക്കുന്നതിന് (കണ്ണൂർ എഡിഷൻ) ചതുരശ്രസെന്റിമീറ്ററിന് 65.18 രൂപയുമാണ്. എന്നാൽ ദേശാഭിമാനി ദിനപത്രത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ പത്രപരസ്യങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് ചതുരശ്രസെന്റിമീറ്ററിന് 245 രൂപ നിരക്കിലാണ്. (ഈ ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ ആകെ 54227 രൂപ ചെലവഴിച്ചിട്ടുണ്ട്) ഇക്കാര്യം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുയും ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തിരുന്നു, എന്നാൽ 2019-20 വർഷത്തിലും ഇത് ആവർത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ പരിഗണിച്ച് മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ അധികരിക്കാത്ത വിധത്തിൽ പത്രപരസ്യതുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ചടച്ചിക്കുണ്ടം കോളനിയിൽ ഹാബിറ്റാറ്റ് മുഖേന നടപ്പിലാക്കുന്ന ഒരു കോടി പദ്ധതി(അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി) പാതിവഴിയിൽ.ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടികവർഗ്ഗവികസനവകുപ്പ് നടപ്പിലാക്കിവരുന്ന ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഊരുകൂട്ടമാണ് ചടച്ചിക്കുണ്ടം കോളനി ഊരുകൂട്ടം. ഒരു വീടിന് 6ലക്ഷം രൂപ നിരക്കിൽ 4 പുതിയ വീടുകളും ഒരു വീടിന് ഒന്നര ലക്ഷം രൂപ നിരക്കിൽ 13 വീടുകളുടെ നവീകരണവും കമ്മ്യൂണിറ്റി ഹാൾ വിപുലീകരണവും ഉൾപ്പെടെയുള്ള ഒരു കോടി രൂപയുടെ വിവിധ പദ്ധതികൾ (അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി) ചടച്ചിക്കുണ്ടം കോളനിയിൽ നടപ്പിലാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2017-2018 വർഷത്തിൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി 17-11-2018 തീയതിയിൽ നടന്ന ഊരുകൂട്ടയോഗത്തിൽ 4 പുതിയ വീടുകൾക്കും 13 ഭവനനവീകരണത്തിനുമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ 3 വീടുകളുടെ നവീകരണപ്രവൃത്തി ഭാഗികമായി ചെയ്തത് മാത്രമാണ് ഒരു കോടി പദ്ധതിയിൽ ഇതുവരെയായി നടപ്പിലാക്കിയിട്ടുള്ളതെന്ന് എസ്.ടി പ്രൊമോട്ടർമാർ അറിയിക്കുകയുണ്ടായി. 4 പുതിയ വീടുകളുടെ നിർമ്മാണം സംബന്ധിച്ച നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളോ, 13 വീടുകളുടെ നവീകരണപ്രവൃത്തിയുടെ നിലവിലെ സ്ഥിതിയോ മറ്റ് പ്രോജക്ട് നിർവഹണം സംബന്ധിച്ച റിപ്പോർട്ടോ, ഇതുവരെയുള്ള ചെലവ് സംബന്ധിച്ച വിവരങ്ങളോ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ 4 പുതിയ വീടുകളുടെ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ലെന്നും ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ട 4 പുതിയ വീടുകളുടെ ഗുണഭോക്താക്കൾ ഒഴികെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ ഭവനരഹിതർക്കും ലൈഫ് പദ്ധതി മുഖേന വീട് അനുവദിച്ചിട്ടുള്ളതായും എസ്.ടി പ്രൊമോട്ടർമാർ അറിയിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഊരുകൂട്ടത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ സ്ഥിതിവിവരകണക്കുകൾ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-27 കാൻസർ നിയന്ത്രണം പദ്ധതി ലക്ഷ്യം കണ്ടില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണം നടത്തിയ കാൻസർ നിയന്ത്രണം എന്ന പദ്ധതി ലക്ഷ്യം കണ്ടില്ല

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ചെലവ് തുക |
|---|---|---|
| കാൻസർ നിയന്ത്രണം | 13/2020 | 10000 |

പടിയൂർ ഗ്രാമ പഞ്ചായത്തിൽ അധിവസിക്കുന്ന മുഴുവൻ പേരിൽ നിന്നും സർവ്വേ മുഖാന്തിരം വിവര ശേഖരണം നടത്തി കാൻസർ രോഗ ബാധിതരായ ആളുകളെ കണ്ടെത്തുന്നതിനായിരുന്നു പദ്ധതി. എന്നാൽ നടപ്പ് വർഷം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. സർവ്വേ നടത്തുവാൻ ആവശ്യമായ ഫോറങ്ങൾ പ്രസ്സിൽ നിന്നും പ്രിന്റ് ചെയ്തു വാങ്ങിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ വിഭവ സ്രോതസ്സ് ഇത്തരത്തിൽ പഞ്ചായത്ത് പ്രദേശത്തു മുഴുവൻ സർവ്വേ നടത്തുന്നതിന് ഒട്ടും പര്യാപ്തമായിരുന്നില്ല എന്ന് കൂടി ഇത് സംബന്ധിച്ച് ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ, പഞ്ചായത്ത് ഭരണ സമിതി എന്നിവരുടെ ക്രിയാത്മകമായ ഇടപെടൽ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് അനിവാര്യമാണ്

## 1-28 കാർഷീക മേഖലയിലെ പ്രോജക്ടുകൾ :പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾ പരിഗണിക്കപ്പെട്ടിട്ടില്ല.

കാർഷികമേഖലയിൽ ഏഴ് പ്രോജക്ടുകളാണ് നടപ്പിലാക്കിയിരിക്കുന്നത്. വിവിധതരം വിത്തുകളുടെയും തൈകളുടെയും വിതരണവും നെൽകൃഷി കൂലിച്ചലവ് സബ്സിഡിയുമാണ് നടപ്പിലാക്കിയിരിക്കുന്ന പ്രോജക്ടുകൾ. ഇവയിൽ താഴെ

പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചക്ക് വന്നതായി കാണുന്നില്ല.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 119/20 | കൃഷി ഭവന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 49500 രൂപ(മെയന്റനൻസ് ഫണ്ട് റോഡിതരം) |
| 141/20 | വനിതാ ഗ്രൂപ്പുകൾക്ക് നേന്ത്രവാഴക്കന്ന് വിതരണം | 340000(വികസന ഫണ്ട് -പൊതു വിഭാഗം) |
| 142/20 | വനിതാഗ്രൂപ്പുകൾക്ക് വിതപയർ | 172975(വികസന ഫണ്ട് -പൊതു വിഭാഗം) |

അതേസമയം വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ കാർഷിക മേഖലയുടെ പശ്ചാത്തലസൌകര്യങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നിരവധി ആയശങ്ങൾ ഉയർന്ന് വന്നതായി കാണുന്നുവെങ്കിലും അവയൊന്നും തുടർചർച്ചകൾക്ക് വിധേയമായതായി കാണുന്നില്ല. തിരൂർ -ചമതച്ചാൽ ലിഫ്റ്റ് ഇറിഗേഷന്റെ ഭാഗമായി തുക വകയിരുത്തിക്കൊണ്ട് സമീപ പ്രദേശങ്ങളിൽ ജലസേചന പദ്ധതി രൂപീകരിക്കുക, ആഴ്ചചന്ത സജീവമാക്കുക എന്നിവ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചചെയ്യുതായി കാണുന്നുവെങ്കിലും തുടർ പരിഗണനക്ക് വിധേയമായതായി കാണുന്നില്ല. അതുപോലെ അന്തിമവാർഷീക പദ്ധതി രേഖയിൽ കാർഷിക മേഖലയെക്കുറിച്ച്, പ്രത്യകിച്ച് നെൽകൃഷിയെ സംബന്ധിച്ച് ഏറ്റെടുക്കേണ്ട പ്രവൃത്തികളായി ജലസേചന സൌകര്യം വർദ്ധിപ്പിക്കുക, തൊഴിലാളി ക്ഷാമം പരിഹരിക്കൽ, യന്ത്രവൽക്കരണം, അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗത്തിന് പ്രോത്സാഹനം നൽകൽ എന്നീ നിർദ്ദേശങ്ങൾ വന്നിരുന്നുവെങ്കിലും അവയൊന്നും പരിഗണിക്കപ്പെടാതെ കേവലം വിത്തുകളും തൈകളും സൌജന്യമായി നൽകുന്ന പ്രോജക്ടുകൾ മാത്രമായി പദ്ധതി നടത്തിപ്പ് പരിമിതപ്പെട്ടുപോയത് പരിശോധനാ വിഷയമാക്കേണ്ടതാണ്.

## 1-29 വയോജനങ്ങൾക്ക് കട്ടിൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് നം:98/20

ഭരണാനുമതി:2(1)/29.5.2019

250000 രൂപ,വികസനഫണ്ട് (ജനറൽ)

ചെലവ്:246290 രൂപ(ബിൽ നം.17/13.2.2020)

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ടെൻഡർ ക്ഷണിച്ചതിൽ പർച്ചേസിംഗ് കമ്മറ്റിയുടെ ഗുണമേന്മാ പരിശോധനയെ തുടർന്ന് അസിം ഡിസൈനേഴ്സ് &എഞ്ചിനീയേഴ്സ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽനിന്നും 57 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് (കട്ടിലൊന്നിന് 3661 രൂപ) എന്നാൽ ഇവയുടെ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ 56 എണ്ണം മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നുള്ളൂ. തെരഞ്ഞെടുത്ത ഒരു ഗുണഭോക്താവ് കട്ടിൽ കൈപ്പറ്റാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് നിർവ്വഹണോദ്യാഗസ്ഥ അറിയിക്കുകയുണ്ടായി. ഈ ഗുണഭോക്താവിന് കട്ടിൽ ആവശ്യമില്ലയെങ്കിൽ അവരിൽനിന്നും രേഖാമൂലം ഇക്കാര്യം വാങ്ങിയതിന് ശേഷം ഗുണഭോക്തൃ പട്ടികയിലെ അടുത്ത ഗുണഭോക്താവിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-30 വികലാംഗർക്ക് പെട്ടിക്കട-അധിക നിരക്കിൽ സബ്സിഡി നൽകി

പ്രോജക്ട് നം.99/20

ഭരണാനുമതി :2(3)/25.2.2020

306000(വികസനഫണ്ട് ജനറൽ)

ചെലവ് :34000രൂപ(ബിൽ നം.29/29.3.2020)

272000രൂപ(ബിൽ നം.26/20.3.2020)

ആകെ:306000രൂപ

ഈ പ്രോജക്ടിന്റെ ഭാഗമായി പെട്ടിക്കടകൾ വിതരണം ചെയ്യുന്നതിനായി ടെൻഡർ നടപടികളിലൂടെ എലൈറ്റ് ഇലക്ട്രിക്കൽസ് ഇരിവേരി എന്ന സ്ഥാപനത്തിൽനിന്നും 9പെട്ടിക്കടകൾ മുകളിൽ പറഞ്ഞ തുക നൽകി

വാങ്ങിയിട്ടുണ്ട്.പെട്ടിക്കടയൊന്നിന്34000 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്.ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1) എലൈറ്റ് ഇലക്ട്രിക്കൽസ് ഇരിവേരി യുമായി കരാർ ഉടമ്പടി ചമച്ചതായി കാണുന്നില്ല.

2)പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് പെട്ടിക്കടക്ക് വേണ്ടി നൽകാവുന്ന പരമാവധി സബ്സിഡി തുക 30000 രൂപ മാത്രമായിരിക്കെ ഈ പ്രോജക്ടിന്റെ ഭാഗമായി ഒരു പെട്ടിക്കടക്ക് 34000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വിധത്തിൽ 9 ഗുണഭോക്താക്കൾക്കായി 36000 രൂപ സബ്സിഡിയിനത്തിൽ അധകമായി ചെലവഴിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ സബ്സിഡി തുകയായ 36,000/- രൂപ തടസ്സത്തിൽവെക്കുന്നു.

## 1-31 യോഗപരിശീലനം രേഖകൾ ലഭ്യമാക്കിയില്ല-50000രൂപ തടസ്സത്തിൽവെക്കുന്നു.

പ്രോജക്ട് നം:109/20

ഭരണാനുമതി:2(1)/17.12.2018

50000 രൂപ,വികസനഫണ്ട് (ജനറൽ)

വയോജനങ്ങൾക്ക് യോഗപരിശീലനം എന്ന പ്രോജക്ടിന്റെ ഭാഗമായി പരിശീലകർക്ക് താഴെ പറയും പ്രകാരം പ്രതിഫലം നൽകിയിട്ടുണ്ട്.

| പരിശീലകന്റെ പേര് | പരിശീലനം നടത്തിയ സ്ഥലം | നൽകിയ പ്രതിഫലം | ബിൽ നം. |
|---|---|---|---|
| ഷൈജിത്ത് സി | പടിയൂർ കോളനി ഹോസ്റ്റൽ | 7000 രൂപ | 28/26.3.2020 |
| | ആലത്തുപറമ്പ | 12000രൂപ | 21/28.2.2020 |
| ഗോവിന്ദൻ കെ | (സ്ഥലം വ്യക്തമാക്കിയിട്ടില്ല) | 7000 രൂപ | 28/26.3.2020 |
| | പടിയൂർ | 12000രൂപ | 21/28.2.2020 |
| റിജേഷ് വി | ബ്ലാത്തൂർ | 12000 രൂപ | 21/28.2.2020 |
| ആകെ | | 50000 രൂപ | |

എന്നാൽ യോഗ പരിശീലനത്തിന് ഹാജരായവരുടെ പേരോ,പരിശീലനം നൽകിയ ദിനങ്ങൾ കാണിക്കുന്ന രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ആയതിനാൽ ചെലവഴിച്ച 50000 രൂപ തടസ്സത്തിൽവെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 15.03.21മുതൽ 17.03.21 വരെ | കെ. എസ് .എ / കെ. എൻ. ആർ. / സി.14 /419/2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 212500 | നെൽക്കൃഷിക്ക് കൂലി ചെലവ് സബ്സിഡി (01/20) | 212500 | 0 |
| | | 356580 | അംഗനവാടി പോഷകാഹാരം (97/20) | 356580 | 0 |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (103/20) | 250000 | 0 |
| | | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (97/20) | 150000 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 212500 | നെൽക്കൃഷിക്ക് കൂലി ചെലവ് സബ്സിഡി (01/20) | 212500 | 0 |
| | | 3,00,000 | സാന്ത്വന പരിചരണം (105/20) | 3,00,000 | 0 |
| | | 149200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (97/20) | 149200 | 0 |
| | | 110333 | ലൈഫ് ഭവനപദ്ധതി (28/20) | 110333 | 0 |
| | | 466412 | ലൈഫ് ഭവനപദ്ധതി- | 466412 | 0 |

| | | | | |
|---|---|---|---|---|
| | | പട്ടികവർഗ്ഗം 35/20 | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ തൻവർഷം ചെലവ് നടന്നിട്ടില്ല എന്ന് കണക്കാക്കിയാണ് ചെലവഴിക്കുവാൻ ബാക്കിയുള്ള തുകയായി പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ പ്രോ.നം.111/20 | 21900863 , Dated : 08.12.2019 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. പ്രോ.നം.139/20 | 21900826 , Dated : 28.09.2019 | 1363000 | 0 | 1363000 |
| കേരള വാട്ടർ അതോറിറ്റി | മുയ്യേരി പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, പ്രോ.നം.174/20 | 21901119 , Dated : 28.02.2020 | 719000 | 0 | 719000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വായ്പ / വായ്പ തിരിച്ചടവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി (1,2 ഘട്ടം) | സ.ഉ (എം.എസ്) 68/2018 തീയതി 18-05-2018 | 17561929 | 1,29,82,574 | 4220000 | 17202574 | 926471 | 0 | 16276103 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ബി ക്ലാസ് ഷെയർ മെമ്പർ നമ്പർ 123 , സർട്ടിഫിക്കറ്റ് നമ്പർ 4443/13-05-2005 തീയതി | ₹10,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-2015 | 3-1 | 2016-2017 | | വസ്തുനികുതി | നിലനിൽക്കുന്നു. |
| 2015-2016 | 2-1 | 2016-2017 | | വസ്തുനികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | : 1,19,45,004 |
| ഓഡിറ്റ് വർഷത്തെ വരവ് | : 5,09,04,139 |
| ആകെ | : 6,28,49,143 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : 4,49,93,227 |
| നീക്കിയിരിപ്പ് | : 1,78,55,916 |
| വരവിനങ്ങളിലുള്ള നഷ്ടം | : 4,35,714 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 905099 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 (1) | 3,44,423 | | ശ്രീ വി.രാമചന്ദ്രൻ,സെക്രട്ടറി -ഇൻ- ചാർജ് |
| 2-1(2) | 91291 | | ശ്രീ അനിൽ രാമകൃഷ്ണൻ,സെക്രട്ടറി |
| ആകെ | 4,35,714 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,21,467 | ശ്രീ വി.രാമചന്ദ്രൻ,സെക്രട്ടറി -ഇൻ- ചാർജ് |
| 1-24 | 6,97,632 | ശ്രീ വി.രാമചന്ദ്രൻ,സെക്രട്ടറി -ഇൻ- ചാർജ് |
| 1-30 | 36000 | ശ്രീമതി ദീപ തോമസ്,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-31 | 50000 | ശ്രീമതി ദീപ തോമസ്,ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | 905099 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 24916 | ശ്രീ വി.രാമചന്ദ്രൻ,സെക്രട്ടറി |
| ആകെ | 24916 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12,1-13,1-14,1-15-1,1-15-2,1-16-1,1-17,1-20 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വി.രാമചന്ദ്രൻ,സെക്രട്ടറി -ഇൻ- ചാർജ് | സെക്രട്ടറി,പനമരം ഗ്രാമപഞ്ചായത്ത്,വയനാട് ജില്ല. | പുത്തൻപുരയിൽ (ഹൗസ്), നെല്ലൂന്നി,മട്ടന്നൂർ(പി.ഒ) |
| ശ്രീ അനിൽ രാമകൃഷ്ണൻ,സെക്രട്ടറി | സെക്രട്ടറി,മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്,കണ്ണൂർ ജില്ല | മനാലി ഹൗസ്, ഐ ടി സി റോഡ് വെല്ലൂന്നി,കേളകം |
| ശ്രീമതി ദീപ തോമസ്, ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതിദീപ തോമസ്, ഐ സി ഡി എസ് സൂപ്പർവൈസർ പടിയൂർ ഗ്രാമപഞ്ചായത്ത്, | അമ്പലക്കുന്നേൽ ഹൗസ്, ഉളിക്കൽ (പി.ഒ), ഇരിട്ടി (വഴി) പിൻ-670705 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 13 |
| 2003-04 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 1 |
| 2004-05 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 2 |
| 2005-06 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 2 |
| 2006-07 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 4 |
| 2007-08 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 1 |
| 2009-10 , 2010-11 2011-12 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 24 |
| 2012-13 , 2013-14 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 7 |
| 2014-15 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 8 |
| 2015-16 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2227 /16 തീയതി 23-01-2017 | 7 |
| 2016-17 | എൽ.എഫ് / കെ.എൻ.ആർ /സി4 / 1636/17 തീയതി 01-11-2017 | 12 |

| | | |
|---|---|---|
| 2017-18 | കെ എസ് എ /കെ എൻ ആർ/സി4-187/19 തീയതി 22-03-2019 | 29 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി14-1879/19 തീയതി 11-02-2020 | 16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## വരവ്-ചെലവ് പത്രിക

| Padiyoor- Kalliad<br>Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 1,19,36,188.00 |
| Cash | Cash | RP-40(a) | 8816 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 10,78,540 |
| 140000000 | Fees & User Charges | RP-4 | 12,52,801 |
| 150000000 | Sale & Hire Charges | RP-5 | 2,03,603 |
| 151000000 | Receipts from Transferred Institutions | RP-6 | 0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 3,46,11,842 |
| 171000000 | Interest Earned | RP-9 | 3,10,894 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 54,27,801 |
| 350000000 | Other Liabilities | RP-36 | 5,75,488 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8628 |
| 311000000 | Earmarked Funds | RP-29 | 9675 |
| 330000000 | Secured Loans | RP-32 | 42,20,000 |
| 340000000 | Deposits Received | RP-34 | 2,40,542 |
| 350000000 | Other Liabilities | RP-36 | 1,85,407 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 27,78,918 |
| 460000000 | Loans, Advances and Deposits | RP-47 | 0 |
| | Grand total | | 6,28,49,143.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 31,17,223 |
| 220000000 | Administrative Expenses | RP-12 | 10,39,628 |
| 230000000 | Operations & Maintenance | RP-13 | 11,63,381 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 36,03,475 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1,43,73,659 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1,37,049 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 55948 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3,91,480 |
| 255000000 | Maintenance Projects | RP-20 | 44,18,458 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 9,96,586 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0 |
| 280000000 | Prior Period item | RP-26 | (-)21,237 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,00,944 |
| 350000000 | Other Liabilities | RP-36 | 57,02,129 |
| NONOPERATING | | | |
| 240000000 | Interest & Finance Charges | RP-14 | 3556 |
| 280000000 | Prior period items | RP-26 | 0 |
| 311000000 | Earmarked Funds | RP-29 | 0 |
| 340000000 | Deposits Received | RP-34 | 96970 |
| 350000000 | Other Liabilities | RP-36 | 18,84,393 |
| 410000000 | Fixed Assets | RP-38 | 44,98,771 |
| 412000000 | Capital work in Progress | RP-40 | 0 |
| 430000000 | Stock-in-hand | RP-42 | 32875 |
| 460000000 | Loans, Advances and Deposits | RP-47 | 33,97,939 |
| CLOSING BALANCE | | | |
| Bank | Bank | RP-40(b) | 1,78,37,134 |
| Cash | Cash | RP-40(b) | 18782 |
| | GRANT TOTAL | | 6,28,49,143.00 |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Padiyoor- Kalliad<br>Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 40,79,122 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat properties | I-3 | 0 |
| 140000000 | Fee & User Charges | I-4(b) | 14,07,801 |
| 150000000 | Sale & Hire Charges | I-5(b) | 2,03,603 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 11,47,11,539 |
| 171000000 | Interest Earned | I-8 | 3,10,894 |
| 180000000 | Other Income | I-9 | 8628 |
| | Total Income | | 12,07,21,587 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 97,10,749 |
| 220000000 | Administrative Expenses | I-11(b) | 10,39,628 |
| 230000000 | Operations & Maintenance | I-12(b) | 15,33,653 |
| 240000000 | Interest & Finance Charges | I-13 | 3556 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 44,53,475 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 4,32,34,598 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1,37,049 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1364133 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 4,53,72,780 |
| 255000000 | Maintenance Projects | I-14(e) | 44,18,458 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 9,96,586 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0 |
| 270000000 | Provisions and Write off | I-16 | 0 |
| 272000000 | Depreciation | I-17(a) | 63,53,531 |
| | Total Expenditure | | 11,73,10,011 |
| | Gross Surplus/ Deficit of income over Expenditure | | 34,11,576 |
| 280000000 | Prior Period Item | I-18 | 9625 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 34,01,951 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

Padiyoor- Kalliad

Grama Panchayat

BALANCE SHEET

| As on 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | (8,21,331.20) |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15627 |
| 312000000 | Reserves | B-3 | 5,48,13,433 |
| | Total Reserve & Surplus | | 5,40,07,728 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 78,55,083 |
| | Total Grants, Contributions for Specific Purposes | | 78,55,083 |
| | Loans | | |
| 330000000 | Secured Loans | B-5 | 1,62,76,103 |
| | Total Loans | | 1,62,76,103 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4,49,182 |
| 350000000 | Other Liabilities | B-9 | 10,40,332.10 |
| | Total Current Liabilities and Provisions | | 14,89,514.10 |
| | TOTAL LIABILITIES | | 7,96,28,428.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 8,46,17,399 |
| 411000000 | Accumulated Depreciation | B-11 | (2,80,34,238) |
| 412000000 | Capital Work in Progress | B-11(a) | 0 |
| | Total Fixed Assets | | 5,65,83,161 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000 |
| | Total Investments | | 10000 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 32875 |
| 431000000 | Sundry Debtors (Receivables) | B-15 | 13,16,800.90 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 1,78,55,916 |
| 460000000 | Loans, Advances and Deposits | B-18 | 38,29,676 |
| | Total Current Assets, Loans and Advances | | 2,30,35,267.90 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 7,96,28,428.90 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.